IslamHouse.com

മൂന്നു അടിസ്ഥാന കാര്യങ്ങള്
അതിന്നുള്ള തെളിവുകള്



മുഹമ്മദ് ബിന് അബ്ദുല് വഹ്ഹാബ്

സൗദി അറേബ്യ
ഉന്നത വിദ്യാഭ്യാസ മന്ത്രാലയം
ഇസ്‌ലാമിക് സർവ്വകലാശാല മദീന
മൂനവ്വറ

www.iu.edu.sa

മൂന്ന് അടിസ്ഥാന കാര്യങ്ങൾ അതിന്നുള്ളതെളിവുകൾ

ശൈഖ്
മുഹമ്മദ് ഇബ്നുൽ അബ്ദുൽ വഹ്ഹാബ്

- رحمه الله -

മലയാളം

الجامعة الإسلاميّة، 1424هـ

فهرس مكتبة الملك فهد الوطنيّة أثناء النشر

محمد بن عبد الوهاب بن سليمان

المدينة المنورة 1424هـ

الأصول الثلاثة / مترجم إلى اللغة المليبارية

ترجمه إلى اللغة المليبارية/ د/ محمد أشرف مليباري

24 ص، 15×21 سم

ردمك:8-350-2 0-9960

1- العقيدة الإسلامية 2- التوحيد

ب - العنوان

ديوي 240

رقم الإيداع: 1424/424

ردمك :8- 350-02-9960

بسم الله الرحمن الرحيم

മൂന്ന് അടിസ്ഥാന കാര്യങ്ങൾ

പരമകാരുണികനും കരുണാനിധിയുമായ അല്ലാഹുവിൻെറ നാമത്തിൽ

നീ അറിയുക: നാല് കാര്യങ്ങളെക്കുറിച്ചറിയൽ നമ്മുടെമേൽ നിർബന്ധമാകുന്നു.

ഒന്ന്: അല്ലാഹുവിനെയും അവൻെറ പ്രവാചകനെയും ഇസ്ലാമിനെയും കുറിച്ച് തെളിവ് സഹിതമുള്ള അറിവ്.

രണ്ട്: ആ അറിവനുസരിച്ചുള്ള പ്രവർത്തനം.

മൂന്ന്: ആ മാർഗ്ഗത്തിലേക്കുള്ള ക്ഷണം.

നാല്: ആ മാർഗ്ഗത്തിലനുഭവപ്പെടുന്ന പ്രയാസങ്ങളിലുള്ള ക്ഷമ.

തെളിവുകൾ:

അല്ലാഹു പറഞ്ഞു:

﴿وَالْعَصْرِ، إِنَّ الْإِنسَانَ لَفِي خُسْرٍ، إِلَّا الَّذِينَ آمَنُوا وَعَمِلُوا الصَّالِحَاتِ وَتَوَاصَوْا بِالْحَقِّ وَتَوَاصَوْا بِالصَّبْرِ. ﴾ [سورة العصر: 1-3]

"കാലം തന്നെയാണ സത്യം,തീർച്ചയായും മനുഷ്യൻ നഷ്ടത്തിൽ തന്നെയാകുന്നു. വിശ്വസിക്കുകയും, സത്യം കൈക്കൊള്ളാൻ അന്യോന്യം ഉപദേശിക്കുകയും ചെയ്തവരൊഴികെ." (103:1-3)

ഇമാം ശാഫി(ﷺ) പറഞ്ഞു: അല്ലാഹു അവൻെറ സൃഷ്ടികളുടെ മേൽ തെളിവായി ഈ സൂറത്തല്ലാതെ മറ്റൊന്നും ഇറക്കിയില്ലായിരുന്നുവെങ്കിൽ ഇത് തന്നെ അവർക്ക് മതിയാകുമായിരുന്നു.

ഇമാം ബുഖാരി പറഞ്ഞു: അറിവ് പ്രവർത്തനത്തിൻെറയും വാക്കിൻെറയും മുമ്പ് എന്നറിയിക്കുന്ന അദ്ധ്യായം.അല്ലാഹു പറഞ്ഞു:

﴿فَاعْلَمْ أَنَّهُ لَا إِلَٰهَ إِلَّا اللَّهُ وَاسْتَغْفِرْ لِذَنبِكَ .... ﴾ [سورة محمد :19]

“അല്ലാഹുവല്ലാതെ യാതൊരു ദൈവവുമില്ലെന്ന് നീ മനസ്സിലാക്കുക. നിൻെറ പാപത്തിന് പാപമോചനം തേടുകയും ചെയ്യുക.” (47: 19)

വാക്കിൻെറയും പ്രവർത്തനത്തിൻെറയും മുമ്പ് അല്ലാഹു വിജ്ഞാനം കൊണ്ടാണ്ആരംഭിച്ചത്.

മൂന്ന് കാര്യങ്ങൾ അറിയലും അതനുസരിച്ച് പ്രവർത്തിക്കലും ഓരോ മുസ്ലിം സ്ത്രീ പുരുഷൻെറയും ബാധ്യതയാണ്.

ഒന്ന്: അല്ലാഹുവാണ് നമ്മെ സൃഷ്ടിച്ചതും ഭക്ഷണം നൽകുന്നതും. അവൻ നമ്മെ വെറുതെ ഉപേക്ഷിക്കാതെ നമ്മിലേക്ക് പ്രവാചകൻമാരെ നിയോഗിച്ചു. അവനെ അനുസരിച്ചവൻ സ്വർഗത്തിലും ധിക്കരിച്ചവൻ നരഗത്തിലും പ്രവേശിക്കും. അല്ലാഹു പറഞ്ഞു:

﴿إِنَّا أَرْسَلْنَا إِلَيْكُمْ رَسُولًا شَاهِدًا عَلَيْكُمْ كَمَا أَرْسَلْنَا إِلَى فِرْعَوْنَ رَسُولًا ﴿فَعَصَى فِرْعَوْنُ الرَّسُولَ فَأَخَذْنَاهُ أَخْذًا وَبِيلًا﴾ [سورة المزمل:15,16]

“തീർച്ചയായും നിങ്ങളിലേക്ക് നിങ്ങളുടെ കാര്യത്തിന് സാക്ഷിയായിട്ടുള്ള ഒരു ദൂതനെ നാം നിയോഗിച്ചിരിക്കുന്നു. ഫിർഔൻെറ അടുത്തേക്ക് നാം ഒരു ദൂതനെ നിയോഗിച്ചത് പോലെത്തന്നെ.”(73 : 15,16)

രണ്ട്: അല്ലാഹു അവൻെറ കൂടെ ആരെയും ആരാധനയിൽ പങ്ക് ചേർക്കുന്നത് ഇഷ്ടപ്പെടുന്നില്ല. അല്ലാഹുവിൻെറ മലക്കുകളോ പ്രവാചകൻമാരോ ആണെങ്കിൽ പോലും.

അല്ലാഹു പറഞ്ഞു:

﴿وَأَنَّ الْمَسَاجِدَ لِلَّهِ فَلَا تَدْعُوا مَعَ اللَّهِ أَحَدًا﴾ [سورة الجن : 18]

“പള്ളികൾ അല്ലാഹുവിനുള്ളതാകുന്നു. അതിനാൽ നിങ്ങൾ അല്ലാഹുവോടൊപ്പം ആരെയും വിളിച്ച് പ്രാർത്ഥിക്കരുത്.” (72: 18)

മൂന്ന്: അല്ലാഹുവിനെ ഏകനാക്കുകയും പ്രവാചകനെ അനുസരിക്കുകയും ചെയ്ത ഒരാൾക്ക് അല്ലാഹുവിനോടും റസൂലിനോടും ശത്രുത പുലർത്തുന്ന ഒരാളുമായി

സ്നേഹബന്ധം പുലർത്തൽ അനുവദനീയമല്ല. അവൻ ഏറ്റവും അടുത്തവനാണെങ്കിൽ പോലും. അല്ലാഹു പറയുന്നു:

﴿ لَا تَجِدُ قَوْمًا يُؤْمِنُونَ بِاللَّهِ وَالْيَوْمِ الْآخِرِ يُوَادُّونَ مَنْ حَادَّ اللَّهَ وَرَسُولَهُ وَلَوْ كَانُوا آبَاءَهُمْ أَوْ أَبْنَاءَهُمْ أَوْ إِخْوَانَهُمْ أَوْ عَشِيرَتَهُمْ أُولَئِكَ كَتَبَ فِي قُلُوبِهِمُ الْإِيمَانَ وَأَيَّدَهُم بِرُوحٍ مِّنْهُ وَيُدْخِلُهُمْ جَنَّاتٍ تَجْرِي مِن تَحْتِهَا الْأَنْهَارُ خَالِدِينَ فِيهَا رَضِيَ اللَّهُ عَنْهُمْ وَرَضُوا عَنْهُ أُولَئِكَ حِزْبُ اللَّهِ أَلَا إِنَّ حِزْبَ اللَّهِ هُمُ الْمُفْلِحُونَ﴾ [سورة المجادلة : 22]

“അല്ലാഹുവിലും അന്ത്യ ദിനത്തിലും വിശ്വസിക്കുന്ന ഒരു ജനത അല്ലാഹുവോടും അവന്റെ റസൂലിനോടും എതിർത്ത് നിൽക്കുന്നവരുമായി സ്നേഹബന്ധം പുലർത്തു ന്നത് നീ കണ്ടെത്തുകയില്ല. അവർ (എതിർപ്പുകാർ) അവരുടെ പിതാക്കളോ പുത്രൻമാരോ സഹോദരൻമാരോ ബന്ധുക്കളോ ആയിരുന്നാൽ പോലും. അത്തരക്കാരുടെ ഹൃദയങ്ങളിൽ അള്ളാഹു വിശ്വാസം രേഖപ്പെടുത്തുകയും അവന്റെ പക്കൽ നിന്നുള്ള ഒരാത്മചൈതന്യം കൊണ്ട് അവൻ അവർക്ക് പിൻബലം നൽകുകയും ചെയ്തിരിക്കുന്നു. താഴ്ഭാഗത്ത് കൂടി അരുവികൾ ഒഴുകുന്ന സ്വർഗത്തോപ്പുകളിൽ അവൻ അവരെ പ്രവേശിപ്പിക്കുകയും ചെയ്യും. അവരതിൽ നിത്യവാസികളാ യിരിക്കും. അല്ലാഹു അവരെപ്പറ്റി തൃപ്തിപ്പെട്ടിരിക്കുന്നു. അവർ അവനെ പറ്റിയും തൃപ്തിപ്പെട്ടിരിക്കുന്നു. അത്തരക്കാരാകുന്നു അല്ലാഹുവിന്റെ കക്ഷി. അറിയുക: തീർച്ചയായും അല്ലാഹു വിന്റെ കക്ഷിയാകുന്നു വിജയം പ്രാപിക്കുന്നവർ.” (58: 22)

നീ അറിയുക: ചൊവ്വായ പാത ഇബ്രാഹീം(ﷺ) ന്റെ പാതയാകുന്നു. അത് അല്ലാഹുവിനെ മാത്രം ആത്മാർത്ഥ മായി കീഴ്പെട്ടുകൊണ്ട് ആരാധിക്കലാകുന്നു. അതാകുന്നു അല്ലാഹു മുഴുവൻ മനുഷ്യരോടും കൽപിച്ചതും അതിന് വേണ്ടിയാകുന്നു അവരെ സൃഷ്ടിച്ചതും. അല്ലാഹു പറഞ്ഞു:

﴿ وَمَا خَلَقْتُ الْجِنَّ وَالْإِنسَ إِلَّا لِيَعْبُدُونِ ﴾ [سورة الذاريات: 56]

“ജിന്നുകളെയും മനുഷ്യരെയും എന്നെ ആരാധിക്കാൻ വേണ്ടിയല്ലാതെ ഞാൻ സൃഷ്ടിച്ചിട്ടില്ല.” (51: 56)

ആരാധിക്കുക എന്നാൽ ഏകനാക്കുക എന്നാകുന്നു. അല്ലാഹു കൽപിച്ചതിൽ ഏറ്റവും മഹത്തായത് തൗഹീദാകുന്നു. അത് ആരാധനയിൽ അല്ലാഹുവിനെ ഏകനാക്കലാകുന്നു. അവൻ വിരോധിച്ചതിൽ ഏറ്റവും കഠിനമായത് ശിർക്കാകുന്നു. അത് അവനോടൊപ്പം മറ്റുള്ളവരെ വിളിച്ച് പ്രാർത്ഥിക്കലാകുന്നു. അല്ലാഹു പറഞ്ഞു:

﴿ وَاعْبُدُواْ اللّهَ وَلاَ تُشْرِكُواْ بِهِ شَيْئًا ﴾[سورة النساء:36]

“നിങ്ങൾ അള്ളാഹുവിനെ ആരാധിക്കുകയും അവനോട് യാതൊന്നും പങ്ക് ചേർക്കാതിരിക്കുകയും ചെയ്യുക.” (4: 36)

ഒരു മനുഷ്യൻ അറിയൽ നിർബന്ധമായ മൂന്ന് അടിസ്ഥാന കാര്യങ്ങൾ ഏതാണ് എന്ന് ചോദിക്കപ്പെട്ടാൽ നീ പറയുക: ഒരടിമ അവൻെറ രക്ഷിതാവിനെയും മതത്തെയും പ്രവാചകൻ മുഹമ്മദ് നബി(ﷺ)യെയും കുറിച്ച് അറിയലാകുന്നു.

നിൻെറ രക്ഷിതാവ് ആരാകുന്നു എന്ന് ചോദിക്കപ്പെട്ടാൽ നീ പറയുക: എൻെറ രക്ഷിതാവ് എന്നെയും മുഴുലോകരെയും അവൻെറ അനുഗ്രഹത്താൽ പരിപാലിക്കുന്ന അല്ലാഹുവാകുന്നു. അവനാകുന്നു എൻെറ ആരാധ്യൻ അവനല്ലാതെ എനിക്ക് മറ്റൊരാരാധ്യനുമില്ല.
അല്ലാഹു പറഞ്ഞു:

﴿ الْحَمْدُ للّهِ رَبِّ الْعَالَمِينَ ﴾ [سورة الفاتحة: 2]

“സ്തുതി സർവ്വലോക പരിപാലകനായ അല്ലാഹുവിനാകുന്നു. (1: 2)

അവനല്ലാത്ത എല്ലാം ലോകങ്ങളിൽ പെട്ടതാകുന്നു. ഞാൻ ആലോകത്തിലെ ഒരുവനാകുന്നു.

നിൻെറ രക്ഷിതാവിനെ എങ്ങിനെയാണ് നീ അറിഞ്ഞത് എന്ന് ചോദിക്കപ്പെട്ടാൽ നീ പറയുക: അവൻെറ

ദൃഷ്ടാന്തങ്ങൾ കൊണ്ടും സൃഷ്ടികളിലൂടെയുമാകുന്നു. രാത്രിയും പകലും സൂര്യനും ചന്ദ്രനും അവൻെറ ദൃഷ്ടാന്തങ്ങളും ഏഴാകാശങ്ങളും ഭൂമകളും അവയിലുള്ളതും അവക്കിടയിലുള്ളതും അവൻെറ സൃഷ്ടിയുമാണ്. അല്ലാഹു പറഞ്ഞു:

﴿ وَمِنْ آيَاتِهِ اللَّيْلُ وَالنَّهَارُ وَالشَّمْسُ وَالْقَمَرُ لَا تَسْجُدُوا لِلشَّمْسِ وَلَا لِلْقَمَرِ وَاسْجُدُوا لِلَّهِ الَّذِي خَلَقَهُنَّ إِن كُنتُمْ إِيَّاهُ تَعْبُدُونَ ﴾[سورة فصلت: 37]

''അവൻെറ ദൃഷ്ടാന്തങ്ങളിൽ പെട്ടതത്രെ രാവും പകലും സൂര്യനും ചന്ദ്രനും. സൂര്യനോ ചന്ദ്രനോ നിങ്ങൾ പ്രണാമം ചെയ്യരുത്. അവയെ സൃഷ്ടിച്ചവനായ അല്ലാഹുവിന് നിങ്ങൾ പ്രണാമം ചെയ്യുക. നിങ്ങൾ അവനെയാണ് ആരാധിക്കുന്നതെങ്കിൽ.''(41: 37)

﴿ إِنَّ رَبَّكُمُ اللَّهُ الَّذِي خَلَقَ السَّمَاوَاتِ وَالأَرْضَ فِي سِتَّةِ أَيَّامٍ ثُمَّ اسْتَوَى عَلَى الْعَرْشِ يُغْشِي اللَّيْلَ النَّهَارَ يَطْلُبُهُ حَثِيثًا وَالشَّمْسَ وَالْقَمَرَ وَالنُّجُومَ مُسَخَّرَاتٍ بِأَمْرِهِ أَلاَ لَهُ الْخَلْقُ وَالأَمْرُ تَبَارَكَ اللَّهُ رَبُّ الْعَالَمِينَ ﴾ [سورة الأعراف: 54]

''തീർച്ചയായും നിങ്ങളുടെ രക്ഷിതാവ് ആറുദിവസങ്ങളിലായി ആകാശങ്ങളും ഭൂമിയും സൃഷ്ടിച്ചവനായ അല്ലാഹുവാകുന്നു. എന്നിട്ടവൻ സിംഹാസനസ്ഥനായിരിക്കുന്നു. രാത്രിയെകൊണ്ട് അവൻ പകലിനെ മൂടുന്നു. ദ്രുതഗതിയിൽ അത് പകലിനെ തേടിചെല്ലുന്നു. സൂര്യനെയും നക്ഷത്രങ്ങളെയും ചന്ദ്രനെയു അവൻെറ കൽപനക്ക് വിധേയമായമാക്കപ്പെട്ട നിലയിൽ അവൻ സൃഷ്ടിച്ചിരിക്കുന്നു. അറിയുക: സൃഷ്ടിപ്പും ശാസനാധികാരവും അവന്ന് തന്നെയാണ്. ലോകരക്ഷിതാവായ അല്ലാഹു മഹത്വപൂർണ്ണനായിരിക്കുന്നു.'' (7: 54)

രക്ഷിതാവ് അവൻ ആരാധിക്കപ്പെടേണ്ടവനാകുന്നു. അല്ലാഹു പറഞ്ഞു:

﴿ يَا أَيُّهَا النَّاسُ اعْبُدُواْ رَبَّكُمُ الَّذِي خَلَقَكُمْ وَالَّذِينَ مِن قَبْلِكُمْ لَعَلَّكُمْ تَتَّقُونَ ، الَّذِي جَعَلَ لَكُمُ الأَرْضَ فِرَاشاً وَالسَّمَاء بِنَاء وَأَنزَلَ مِنَ السَّمَاء مَاء فَأَخْرَجَ بِهِ مِنَ الثَّمَرَاتِ رِزْقاً لَّكُمْ فَلاَ تَجْعَلُواْ لِلّهِ أَندَاداً وَأَنتُمْ تَعْلَمُونَ﴾

[سورة البقرة: 21,22]

''ജനങ്ങളേ, നിങ്ങളെയും നിങ്ങളുടെ മുൻഗാമികളെയും സൃഷ്ടിച്ച നിങ്ങളുടെ നാഥനെ നിങ്ങൾ ആരാധിക്കുവിൻ. നിങ്ങൾ ദോഷബാധയെ സൂക്ഷിച്ച് ജീവിക്കുവാൻ വേണ്ടിയത്രെ അത്. നിങ്ങൾക്ക് വേണ്ടി ഭൂമിയെ മെത്തയും ആകാശത്തെ മേൽപുരയുമാക്കിത്തരികയും ആകാശത്ത്നിന്ന് വെള്ളം ചൊരിഞ്ഞുതന്നിട്ട് അത്മുഖേന നിങ്ങൾക്ക് ഭക്ഷിക്കുവാനുള്ള കായ്കനികൾ ഉല്പാദിപ്പിച്ചു തരികയും ചെയ്ത നാഥനെ. അതിനാൽ ഇതെല്ലാം അറിഞ്ഞ് കൊണ്ട് നിങ്ങൾ അല്ലാഹുവിന് സമൻമാരെ ഉണ്ടാക്കരുത്.'' (2: 21,22)

ഇബ്ന് കസീർ(ﷺ) പറഞ്ഞു: ഈ വസ്തുക്കളുടെ സൃഷ്ടാവ് അവനാകുന്നു ആരാധനക്കർഹൻ.

അല്ലാഹു കൽപിച്ച ആരാധനകളുടെ ഇനങ്ങളാകുന്നു ഇസ്ലാമും ഈമാനും ഇഹ്സാനും. അതിൽപെട്ടതാകുന്നു പ്രാർത്ഥന, ഭയം, പ്രതീക്ഷ, ഭരമേൽപിക്കൽ, ആഗ്രഹം, അവനിലേക്കുള്ള മടക്കവും സഹായാഭ്യർത്ഥനയും ശരണം തേടലും സഹായം തേടലും നേർച്ചയും അറവും മറ്റ് അല്ലാഹു കൽപിച്ച ആരാധനകൾ മുഴുവനും.

അല്ലാഹു പറഞ്ഞു:

﴿ وَأَنَّ الْمَسَاجِدَ لِلَّهِ فَلَا تَدْعُوا مَعَ اللَّهِ أَحَدًا ﴾ [سورة الجن: 18]

''പള്ളികൾ *അല്ലാ*ഹുവിനുള്ളതാകുന്നു. അതിനാൽ നിങ്ങൾ അല്ലാഹുവിനോടൊപ്പം ആരെയും വിളിച്ച് പ്രാർത്ഥിക്കരുത്.'' (72: 18)

ആരെങ്കിലും അതിൽ നിന്ന് വല്ലതും അല്ലാഹുവല്ലാത്തവർക്ക് സമർപ്പിച്ചാൽ അവൻ മുശ്‌രികും കാഫിറുമാകുന്നു.

അല്ലാഹു പറയുന്നു:

وَمَن يَدْعُ مَعَ اللَّهِ إِلَٰهًا آخَرَ لَا بُرْهَانَ لَهُ بِهِ فَإِنَّمَا حِسَابُهُ عِندَ رَبِّهِ إِنَّهُ لَا يُفْلِحُ الْكَافِرُونَ [سورة المؤمنون: 117]

“വല്ലവനും അല്ലാഹുവോടൊപ്പം മറ്റ് വല്ല ദൈവത്തെയും വിളിച്ച് പ്രാർത്ഥിക്കുന്നപക്ഷം - അതിന് അവൻെറപക്കൽ യാതൊരു പ്രമാണവും ഇല്ലതന്നെ - അവൻെറ വിചാരണ അവൻെറ രക്ഷിതാവിൻെറ അടുക്കൽവെച്ച് തന്നെയായിരിക്കും. സത്യനിഷേധികൾ വിജയം പ്രാപിക്കുകയില്ല;തീർച്ച.” (23:117)

പ്രവാചകൻ(ﷺ) പറഞ്ഞു:

"الدعاء مخ العبادة"

“പ്രാർത്ഥന ആരാധനയുടെ മജ്ജയാകുന്നു.”

അല്ലാഹു പറഞ്ഞു:

وَقَالَ رَبُّكُمُ ادْعُونِي أَسْتَجِبْ لَكُمْ إِنَّ الَّذِينَ يَسْتَكْبِرُونَ عَنْ عِبَادَتِي سَيَدْخُلُونَ جَهَنَّمَ دَاخِرِينَ [سورة غافر:60]

“നിങ്ങളുടെ രക്ഷിതാവ് പറഞ്ഞിരിക്കുന്നു: നിങ്ങൾ എന്നോട് പ്രാർത്ഥിക്കൂ ഞാൻ നിങ്ങൾക്ക് ഉത്തരം നൽകാം. എന്നെ ആരാധിക്കാതെ അഹങ്കാരം നടിക്കുന്നവരാരോ അവർ വഴിയെ നിന്ദ്യരായികൊണ്ട് നരകത്തിൽ പ്രവേശിക്കുന്നതാണ്;തീർച്ച.” (40:60)

അല്ലാഹു പറഞ്ഞു:

﴿... فَلَا تَخَافُوهُمْ وَخَافُونِ إِن كُنتُم مُّؤْمِنِينَ [آل عمران: 175]

“നിങ്ങൾ അവരെ ഭയപ്പെടാതെ എന്നെഭയപ്പെടുക. നിങ്ങൾ സത്യവിശ്വാസികളാണെങ്കിൽ.” (3:175)

അല്ലാഹു പറഞ്ഞു:

﴿... فَمَن كَانَ يَرْجُو لِقَاء رَبِّهِ فَلْيَعْمَلْ عَمَلًا صَالِحًا وَلَا يُشْرِكْ بِعِبَادَةِ رَبِّهِ أَحَدًا﴾ [سورة الكهف: 110]

"വല്ലവനും തൻെറ രക്ഷിതാവിനെ കണ്ട് മുട്ടാൻ ആഗ്രഹിക്കന്നുവെങ്കിൽ അവൻ സൽക്കർമ്മം പ്രവർത്തിക്കുകയും, തൻെറ രക്ഷിതാവിനുള്ള ആരാധനയിൽ യാതൊന്നിനെയും പങ്ക് ചേർക്കാതിരിക്കുകയും ചെയ്ത് കൊള്ളട്ടെ." (18:110)

അല്ലാഹു പറഞ്ഞു:

﴿... وَعَلَى اللّهِ فَتَوَكَّلُواْ إِن كُنتُم مُّؤْمِنِينَ ﴾ [سورة المائدة:23]

"നിങ്ങൾ വിശ്വാസികളാണെങ്കിൽ അല്ലാഹുവിൽ ഭരമേൽപ്പിക്കുക." (5:23)

﴿ ... وَمَن يَتَوَكَّلْ عَلَى اللَّهِ فَهُوَ حَسْبُهُ ...﴾ [سورة الطلاق:3]

"വല്ലവനും അല്ലാഹുവിൽ ഭരമേൽപിക്കുന്നുവെങ്കിൽ അവന്ന് അല്ലാഹു തന്നെമതിയാകുന്നതാണ്." (65:3)

അല്ലാഹു പറഞ്ഞു:

﴿ ... إِنَّهُمْ كَانُوا يُسَارِعُونَ فِي الْخَيْرَاتِ وَيَدْعُونَنَا رَغَبًا وَرَهَبًا وَكَانُوا لَنَا خَاشِعِينَ ﴾ [سورة الأنبياء:90]

"തീർച്ചയായും അവർ (പവാചകൻമാർ) ഉത്തമകാര്യങ്ങൾക്ക് ധൃതികാണിക്കുകയും,ആശിച്ച് കൊണ്ടും പേടിച്ച്കൊണ്ടും നമ്മോട് പ്രാർത്ഥിക്കുകയും ചെയ്യു ന്നവരായിരുന്നു. അവർ നമ്മോട് താഴ്മകാണിക്കുന്നവരു മായിരുന്നു." (21:90)

അല്ലാഹു പറഞ്ഞു:

﴿ ... فَلاَ تَخْشَوْهُمْ وَاخْشَوْنِي ... ﴾ [سورة البقرة:150]

അർത്ഥം: നിങ്ങൾ അവരെ ഭയപ്പെടാതെ എന്നെ ഭയപ്പെടുക. (2:150)

അല്ലാഹു പറഞ്ഞു:

﴿ وَأَنِيبُوا إِلَى رَبِّكُمْ وَأَسْلِمُوا لَهُ... ﴾ [سورة الزمر: 54]

അർത്ഥം: നിങ്ങൾ അല്ലാഹുവിലേക്ക് താഴ്മയോടെ മടങ്ങുകയും അവന് കീഴ്പെടുകയും ചെയ്യുക. (39:54)

അല്ലാഹു പറഞ്ഞു:

﴿ إِيَّاكَ نَعْبُدُ وإِيَّاكَ نَسْتَعِينُ ﴾ [سورة الفاتحة:4]

അർത്ഥം: നിന്നെ മാത്രം ഞങ്ങൾ ആരാധിക്കുന്നു നിന്നോട് മാത്രം ഞങ്ങൾ സഹായം തേടുന്നു. (1:4)

പ്രവാചകൻ(ﷺ) പറഞ്ഞു:

"إذا استعنت فاستعن بالله"

അർത്ഥം: നീ സഹായം ചോദിക്കുകയാണെങ്കിൽ അല്ലാഹുവിനോട് സഹായം ചോദിക്കുക.

അല്ലാഹു പറഞ്ഞു:

﴿ قُلْ أَعُوذُ بِرَبِّ النَّاسِ ﴾ [سورة الناس:1]

അർത്ഥം: പറയുക: മനുഷ്യരുടെ രക്ഷിതാവും മനുഷ്യരുടെ രാജാവും മനുഷ്യരുടെ ദൈവവുമായിട്ടുള്ളവനോട് ഞാൻ ശരണം തേടുന്നു. (114:1)

അല്ലാഹു പറഞ്ഞു:

﴿ إِذْ تَسْتَغِيثُونَ رَبَّكُمْ فَاسْتَجَابَ لَكُمْ ...﴾ [سورة الأنفال:9]

അർത്ഥം: നിങ്ങൾ നിങ്ങളുടെ രക്ഷിതാവിനോട് സഹായം തേടിയസന്ദർഭം അപ്പോൾ നിങ്ങൾക്കവൻ ഉത്തരം നൽകി. (8:9)

അല്ലാഹു പറഞ്ഞു:

﴿ لاَ شَرِيكَ لَهُ وَبِذَلِكَ أُمِرْتُ وَأَنَاْ أَوَّلُ الْمُسْلِمِينَ ﴾ [سورة الأنعام:163]

അർത്ഥം: പറയുക: തീർച്ചയായും എൻെറ പ്രാർത്ഥനയും എൻെറ ആരാധനാകർമ്മങ്ങളും എൻെറ ജീവിതവും എൻെറ

മരണവും ലോകരക്ഷിതാവായ അല്ലാഹുവിന്നുള്ളതാകുന്നു. അവന് പങ്കുകാരേയില്ല. അപ്രകാരമാണ് ഞാൻ കൽപിക്കപ്പെട്ടിരിക്കുന്നത്. അവന്ന് കീഴ്പ്പെടുന്നതിൽ ഞാൻ ഒന്നാമനാണ്. (6:163)

ഹദീസിൽ ഇങ്ങനെ കാണാം :

"لعن الله من ذبح لغير الله"

അർത്ഥം: അല്ലാഹു അല്ലാത്തവർക്ക് അറുക്കുന്നവനെ അല്ലാഹു ശപിച്ചിരിക്കുന്നു.
അല്ലാഹു പറയുന്നു:

﴿ يُوفُونَ بِالنَّذْرِ وَيَخَافُونَ يَوْمًا كَانَ شَرُّهُ مُسْتَطِيرًا ﴾ [سورة الإنسان: 7]

അർത്ഥം: നേർച്ച അവർ നിറവേറ്റുകയും ആപത്ത് പടർന്ന് പിടിക്കുന്ന ഒരു ദിവസത്തെ അവർ ഭയപ്പെടുകയും ചെയ്യും. (76:7)

രണ്ട്

രണ്ടാമത്തെ അടിസ്ഥാന കാര്യം

ഇസ്‌ലാമിനെക്കറിച്ച് തെളിവ് സഹിതമുള്ള അറിവ്. അത് അല്ലാഹുവിനെ ഏകനാക്കികൊണ്ട് അവനെ അംഗീകരിക്കലും അനുസരണയോടെ അവന് കീഴ്പെടലും ശിർക്കിൽ നിന്നും അതിൻെറ ആളുകളിൽ നിന്നും രക്ഷപ്പെടലുമാകുന്നു. അതിന് മൂന്ന് പദവികളുണ്ട്: ഇസ്‌ലാം ഈമാനും ഇഹ്സാനും ആകുന്നു അത്. ഓരോ പദവികൾക്കും പല അടിസ്ഥാനങ്ങളുണ്ട്. ഇസ്‌ലാമിൻെറ അടിസ്ഥാനം അഞ്ചാകുന്നു:അല്ലാഹുഅല്ലാതെ ആരാധ്യനില്ല മുഹമ്മദ്നബി(ﷺ) അല്ലാഹുവിൻെറ ദൂതനാകുന്നു എന്ന് സാക്ഷ്യം വഹിക്കുക, നമസ്കാരം നിലനിർത്തുക, സക്കാത്ത് നൽകുക, റമളാൻ മാസം നോമ്പനുഷ്ഠിക്കുക, ഹജ്ജ്കർമ്മം നിർവ്വഹിക്കുക എന്നിവയാകുന്നു അത്.

തെളിവുകൾ:

അല്ലാഹു പറഞ്ഞു:

﴿ شَهِدَ اللّهُ أَنَّهُ لاَ إِلَـهَ إِلاَّ هُوَ وَالْمَلاَئِكَـةُ وَأُوْلُـواْ الْعِلْـمِ قَآئِمَـاً بِالْقِسْـطِ لاَ إِلَـهَ إِلاَّ هُوَ الْعَزِيزُ الْحَكِيمُ﴾ [سورة آل عمران: 18]

അർത്ഥം: താനല്ലാതെ ഒരു ദൈവവുമില്ലെന്നതിന് അല്ലാഹു സാക്ഷ്യം വഹിച്ചിരിക്കുന്നു. മലക്കുകളും അറിവുള്ളവരും (അതിന് സാക്ഷികളാകുന്നു) അവൻ നീതി നിർവ്വഹിക്കുന്ന വനത്രെ. അവനല്ലാതെ ദൈവമില്ല. പ്രതാപിയും യുക്തിമാനു മത്രെ അവൻ. (3:18**)**

യഥാർത്ഥത്തിൽ അല്ലാഹുവല്ലാതെ ആരാധനക്കർഹൻ മറ്റാരുമില്ല. *ലാഇലാഹ* എന്നത് അല്ലാഹുവല്ലാതെ ആരാധിക്കപ്പെടുന്ന മുഴുവൻ ആരാധ്യരെയും നിഷേധിക്കലാണ്. *ഇല്ലല്ലാഹു* എന്നത് അല്ലാഹുവിനുള്ള ആരാധനയെ സ്ഥിരപ്പെടുത്തലുമാണ്. ആരാധനയിൽ അവന് മറ്റ് പങ്കുകാരില്ല ആധിപത്യത്തിൽ അവന് പങ്കുകാരില്ലാത്തപോലെ. ഇത് ഖുർആൻ വ്യക്തമാക്കന്നത് കാണുക:

﴿ وَإِذْ قَالَ إِبْرَاهِيمُ لِأَبِيهِ وَقَوْمِهِ إِنَّنِي بَرَاء مِّمَّا تَعْبُدُونَ , إِلَّا الَّذِي فَطَرَنِي فَإِنَّـهُ سَيَهْدِينِ , وَجَعَلَهَا كَلِمَةً بَاقِيَةً فِي عَقِبِهِ لَعَلَّهُمْ يَرْجِعُونَ ﴾ [سورة الزخـرف:**26-28**]

അർത്ഥം: ഇബ്റാഹീം തൻെറ പിതാവിനോടും ജനങ്ങളോടും ഇപ്രകാരം പറഞ്ഞ സന്ദർഭം (ശ്രദ്ധേയമാകുന്നു): തീർച്ചയായും ഞാൻ നിങ്ങൾ ആരാധിക്കുന്നതിൽനിന്ന് ഒഴിഞ്ഞുനിൽക്കുന്നവനാകുന്നു. എന്നെ സൃഷ്ടിച്ചവൻ ഒഴികെ. കാരണം തീർച്ചയായും അവൻ എനിക്ക് മാർഗദർശനം നൽകുന്നതാണ്. അദ്ദേഹത്തിൻെറ പിൻഗാമികൾ സത്യത്തിലേക്ക് മടങ്ങേണ്ടതിനായി അതിനെ (ആ പ്രഖ്യാപനത്തെ) അദ്ദേഹം അവർക്കിടയിൽ നിലനിൽക്കുന്ന ഒരു വചനമാക്കുകയും ചെയ്തു. (43:26-28**)**

അല്ലാഹു പറഞ്ഞു:

﴿ قُلْ يَا أَهْلَ الْكِتَابِ تَعَالَوْاْ إِلَى كَلَمَةٍ سَوَاء بَيْنَنَا وَبَيْنَكُمْ أَلاَّ نَعْبُدَ إِلاَّ اللّهَ وَلاَ نُشْرِكَ بِهِ شَيْئًا وَلاَ يَتَّخِذَ بَعْضُنَا بَعْضاً أَرْبَابًا مِّن دُونِ اللّهِ فَإِن تَوَلَّوْاْ فَقُولُواْ اشْهَدُواْ بِأَنَّا مُسْلِمُونَ ﴾ [سورة آل عمران:**64**]

അർത്ഥം: നബിയേ പറയുക: വേദക്കാരേ ഞങ്ങൾക്കും നിങ്ങൾക്കുമിടയിൽ സമമായുള്ള ഒരു വാക്യത്തിലേക്ക് നിങ്ങൾ വരുവിൻ. അതായത് അല്ലാഹുവെയല്ലാതെ നാം ആരാധിക്കാതിരിക്കുകയും, അവനോട് യാതൊന്നിനെയും പങ്ക് ചേർക്കാതിരിക്കുകയും നമ്മളിൽചിലർ ചിലരെ അല്ലാഹുവിന് പുറമെ രക്ഷിതാക്കളാക്കാതിരിക്കുകയും ചെയ്യുക (എന്ന തത്വത്തിലേക്ക്). എന്നിട്ട് അവർ പിന്തിരിയുന്നപക്ഷം നിങ്ങൾപറയുക: ഞങ്ങൾ (അല്ലാഹുവിന്) കീഴ്പെട്ടവരാണ് എന്നതിന് നിങ്ങൾ സാക്ഷ്യം വഹിക്കുക. (3:64**)**

മുഹമ്മദ് നബി(ﷺ) അല്ലാഹുവിൻെറ ദൂതനാണ് എന്ന് സാക്ഷ്യംവഹിക്കുക. അല്ലാഹു പറഞ്ഞു:

﴿ لَقَدْ جَاءكُمْ رَسُولٌ مِّنْ أَنفُسِكُمْ عَزِيزٌ عَلَيْهِ مَا عَنِتُّمْ حَرِيصٌ عَلَيْكُم بِالْمُؤْمِنِينَ رَؤُوفٌ رَّحِيمٌ ﴾ [سورة التوبة:**128**]

അർത്ഥം: തീർച്ചയായും നിങ്ങൾക്കിതാ നിങ്ങളിൽനിന്ന് തന്നെയുള്ള ഒരു ദൂതൻ വന്നിരിക്കുന്നു. നിങ്ങൾ കഷ്ടപ്പെ ടുന്നത് സഹിക്കാൻ കഴിയാത്തവനും, നിങ്ങളുടെ കാര്യത്തിൽ അതീവ താൽപര്യമുള്ളവനും, സത്യവിശ്വാസികളോട് അത്യന്ത്യം ദയാലുവും കാരുണ്യവാനുമാണ് അദ്ദേഹം. (9:128**)**

മുഹമ്മദ് നബി(ﷺ) ദൂതനാണ് എന്ന് സാക്ഷ്യം വഹിക്കുക എന്നാൽ അദ്ദേഹം കൽപിച്ചതിൽ അദ്ദേഹത്തെ അനുസരി ക്കലും അദ്ദേഹം അറിയിച്ച കാര്യങ്ങൾ സത്യപ്പെടുത്തലും വിരോധിച്ചത് വെടിയലും അദ്ദേഹം കാണിച്ച് തന്നരൂപത്തി ലല്ലാതെ അല്ലാഹുവിനെ ആരാധിക്കാതിരിക്കലുമാ കുന്നു.

നമസ്കാരം, സക്കാത്ത്, തൗഹീദിൻെറ വ്യാഖ്യാനം എന്നിവയെക്കുറിച്ച് അല്ലാഹു പറഞ്ഞു:

﴿وَمَا أُمِرُوا إِلَّا لِيَعْبُدُوا اللَّهَ مُخْلِصِينَ لَهُ الدِّينَ حُنَفَاء وَيُقِيمُوا الصَّلَاةَ وَيُؤْتُوا الزَّكَاةَ وَذَلِكَ دِينُ الْقَيِّمَةِ﴾ [سورة البينة:5]

അർത്ഥം: കീഴ്വണക്കം അല്ലാഹുവിന് മാത്രമാക്കികൊണ്ട് ഋജുമനസ്കരായ നിലയിൽ അവനെ ആരാധിക്കുവാനും, നമസ്കാരം നിലനിർത്തുവാനും, സക്കാത്ത് നൽകുവാനും അല്ലാതെ അവരോട് കൽപിക്കപ്പെട്ടിട്ടില്ല. അതത്രെ വക്രത യില്ലാത്ത മതം. (98:5)

നോമ്പിനെക്കുറിച്ച് അല്ലാഹു പറഞ്ഞു:

﴿ يَا أَيُّهَا الَّذِينَ آمَنُواْ كُتِبَ عَلَيْكُمُ الصِّيَامُ كَمَا كُتِبَ عَلَى الَّذِينَ مِن قَبْلِكُمْ لَعَلَّكُمْ تَتَّقُونَ ﴾ [سورة البقرة: 183]

അർത്ഥം: സത്യവിശ്വാസികളേ, നിങ്ങളുടെ മുമ്പുള്ളവരോട് കൽപിച്ചിരുന്നത് പോലെത്തന്നെ നിങ്ങൾക്കും നോമ്പ് നിർബന്ധമായി കൽപിക്കപ്പെട്ടിരിക്കുന്നു. നിങ്ങൾ ദോഷബാധയെ സൂക്ഷിക്കുവാൻ വേണ്ടിയത്രെയത്.(2:183)

ഹജ്ജിനെക്കുറിച്ച് അല്ലാഹു പറഞ്ഞു:

﴿ ...وَلِلّهِ عَلَى النَّاسِ حِجُّ الْبَيْتِ مَنِ اسْتَطَاعَ إِلَيْهِ سَبِيلاً وَمَن كَفَرَ فَإِنَّ اللهَ غَنِيٌّ عَنِ الْعَالَمِينَ ﴾ [سورة آل عمران:97]

അർത്ഥം: ആമന്ദിരത്തിൽ(കഅ്ബ) എത്തിച്ചേരാൻ കഴിവുള്ള മനുഷ്യർ അതിലേക്ക് ഹജ്ജ് തീർത്ഥാടനം നടത്തൽ അവർക്ക് അല്ലാഹുവോടുള്ള ബാധ്യതയാകുന്നു. വല്ലവനും അവിശ്വസിക്കുന്നപക്ഷം അല്ലാഹു ലോകരുടെ ആശ്രയം ഇല്ലാത്തവനാകുന്നു. (3:97)

2: ഈമാൻ

ഈമാൻ എഴുപതിൽ ചില്ലാനം ശാഖയാകുന്നു. അതിൽ ഏറ്റവും ഉന്നതമായത് *ലാ ഇലാഹ ഇല്ലള്ളാഹു* എന്നതും ഏറ്റവും താഴെയുള്ളത് വഴിയിൽ നിന്നും ഉപദ്രവങ്ങൾ നീക്കം ചെയ്യലുമാകുന്നു, ലജ്ജ ഈമാനിൻെറ ഒരു ശാഖയാകുന്നു. വിശ്വാസത്തിൻെറ അടിസ്ഥാനങ്ങൾ ആറെണ്ണമാകുന്നു: അല്ലാഹുവിലും അവൻെറ മലക്കുകളിലും വേദഗ്രന്ധങ്ങളിലും

പ്രവാചൻമാരിലും പരലോകത്തിലും ഖദ്റിലും ഉള്ള വിശ്വാസമാകുന്നു അത്.

അല്ലാഹു പറഞ്ഞു:

﴿ لَّيْسَ الْبِرَّ أَن تُوَلُّواْ وُجُوهَكُمْ قِبَلَ الْمَشْرِقِ وَالْمَغْرِبِ وَلَـكِنَّ الْبِرَّ مَنْ آمَنَ بِاللّهِ وَالْيَوْمِ الآخِرِ وَالْمَلآئِكَةِ وَالْكِتَابِ وَالنَّبِيِّينَ ... ﴾ [سورة البقرة :177]

അർത്ഥം: നിങ്ങളുടെ മുഖങ്ങൾ കിഴക്കോട്ടോ പടിഞ്ഞാറോട്ടോ തിരിക്കുക എന്നതല്ല പുണ്യം. എന്നാൽ അല്ലാഹുവിലും അന്ത്യദിനത്തിലും മലക്കുകളിലും വേദഗ്രന്ഥത്തിലും പ്രവാചകൻമാരിലും വിശ്വസിക്കലാകുന്നു. (2:177)

അല്ലാഹു പറഞ്ഞു:

﴿ إِنَّا كُلَّ شَيْءٍ خَلَقْنَاهُ بِقَدَرٍ ﴾ [سورة القمر: 49]

അർത്ഥം: തീർച്ചയായും ഏത് വസ്തുവെയും നാം സൃഷ്ടിച്ചിട്ടുള്ളത് ഒരു വ്യവസ്ഥപ്രകാരമാകുന്നു. (54:49)

3: ഇഹ്സാൻ

അതിൻെറ അടിസ്ഥാനം ഒന്ന് മാത്രമാകുന്നു അത് നീ അല്ലാഹുവിനെ കാണുന്നഭാവത്തിൽ അവനെ ആരാധിക്കലാകുന്നു. നീ അവനെ കാണുന്നില്ലെങ്കിലും അവൻ നിന്നെ കാണുന്നു. അല്ലാഹുപറഞ്ഞു:

﴿ إِنَّ اللّهَ مَعَ الَّذِينَ اتَّقَواْ وَّالَّذِينَ هُم مُّحْسِنُونَ ﴾ [سورة النحل:**128**]

അർത്ഥം: തീർച്ചയായും അല്ലാഹു സൂക്ഷ്മത പാലിച്ചവരോടൊപ്പമാകുന്നു, (16:128)

സദ്വൃത്തരായിട്ടുള്ളവരോടൊപ്പവും.

വീണ്ടും അല്ലാഹു പറയുന്നു:

﴿ وَتَوَكَّلْ عَلَى الْعَزِيزِ الرَّحِيمِ, الَّذِي يَرَاكَ حِينَ تَقُومُ , وَتَقَلُّبَكَ فِي السَّاجِدِينَ , إِنَّهُ هُوَ السَّمِيعُ الْعَلِيمُ ﴾ [سورة الشعراء:**220-217**]

അർത്ഥം: പ്രതാപിയും കരുണാനിധിയുമായിട്ടുള്ളവനെ നീ ഭരമേൽപിക്കുകയും ചെയ്യുക. നീ നിന്നുപ്രാർത്ഥിക്കുന്ന

സമയത്ത് നിന്നെ കാണുന്നവനത്രെ അവൻ. സാഷ്ടാംഗം ചെയ്യുന്നവരുടെ <u>കൂട്ടത്തിലുള്ള</u> നിൻെറ ചലനവും (കാണുന്നവൻ). (26: 217-220**)**

അല്ലാഹു പറയുന്നു:

﴿ وَمَا تَكُونُ فِي شَأْنٍ وَمَا تَتْلُو مِنْهُ مِن قُرْآنٍ وَلاَ تَعْمَلُونَ مِنْ عَمَلٍ إِلاَّ كُنَّا عَلَيْكُمْ شُهُودًا إِذْ تُفِيضُونَ فِيهِ ... ﴾ [سورة يونس: **61**]

അർത്ഥം: (നബിയേ) നീവല്ലകാര്യത്തിലും ഏർപ്പെടുകയോ, അതിനെപ്പറ്റി ഖുർആനിൽ നിന്ന് വല്ലതും ഓതി കേൾപിക്കുകയോ, നിങ്ങൾ ഏതെങ്കിലും പ്രവർത്തനത്തിൽ ഏർപ്പെടുകയോ ചെയ്യുന്നുവെങ്കിൽ നിങ്ങളതിൽ മുഴുകുന്ന സമയത്ത് നിങ്ങളുടെ മേൽ സാക്ഷിയായി നാം ഉണ്ടാ കാതിരിക്കുകയില്ല. (10: 61**)**

പ്രസിദ്ധമായ ഉമർ(﵁) ഉദ്ധരിക്കുന്ന ഹദീസിൽ നമുക്കി ങ്ങനെകാണാം:

عن عمر بن الخطاب رضي الله عنه قال: " بينما نحن عند النبي الله صلى الله عليه وسلم إذ طلع علينا رجل شديد بياض الثياب شديد سواد الشعر، لا يُرى عليه أثر السفر ولا يعرفه منا أحد، فجلس إلى النبي صلى الله عليه وسلم فأسند ركبتيه إلى ركبتيه ووضع كفيه على فخذيه وقال: يا محمد، أخبرني عن الإسلام، فقال: أن تشهد أن لا إله إلا الله وأن محمدا رسول الله، وتقيم الصلاة وتؤتي الزكاة وتصوم رمضان وتحج البيت إن استطعت إليه سبيلا، قال: صدقت، فعجبنا له يسأله ويصدقه، قال: فأخبرني عن الإيمان، قال: أن تؤمن بالله وملائكته وكتبه ورسله واليوم الآخر وتؤمن بالقدر خيره وشره، قال: أخبرني عن الإحسان، قال: أن تعبد

الله كأنك تراه، فإن لم تكن تراه فإنه يراك، قال: أخبرني عن الساعة قال ما المسئول عنها بأعلم من السائل، قال فأخبرني عن أماراتها، قال: أن تلد الأمة ربتها وأن ترى الحفاة العراة العالة رعاء الشَّاءِ يتطاولون في البنيان، قال: فمضى فلبثنا مليا فقال: يا عمر أتدرون من السائل؟ قلنا الله ورسوله أعلم، قال: هذا جبريل أتاكم يُعلمكم أمر دينكم"

അർത്ഥം: ഉമർ(ﷺ) പറഞ്ഞു: ഞങ്ങൾ പ്രവാചകൻെറ സന്നിധിയിൽ ഇരിക്കുമ്പോൾ വെള്ള വസ്ത്രം ധരിച്ച നല്ല കറുത്ത മുടിയുള്ള ഒരാൾ പ്രത്യക്ഷപ്പെട്ടു. യാത്രയുടെ അടയാളം അദ്ദേഹത്തിൽ കാണുകയില്ല. ഞങ്ങളിൽ നിന്ന് ആരും അദ്ദേഹത്തെ അറിയുകയുമില്ല. നബി(ﷺ)യുടെ അടുത്ത് അദ്ദേഹം ഇരുന്നു അദ്ദേഹത്തിൻെറ കാൽമുട്ട് പ്രവാചകൻെറ കാൽമുട്ടിനോട് ചേർത്ത് വെക്കുകയും അദ്ദേഹത്തിൻെറ കൈ പ്രവാചൻെറ കാൽതുടയിൽ വെക്കുകയും ചെയ്ത് കൊണ്ട് അദ്ദേഹം ചോദിച്ചു. മുഹമ്മദ്: ഇസ്ലാമിനെ കുറിച്ച് എനിക്ക് പറഞ്ഞുതരിക. പ്രവാചകൻ(ﷺ) പറഞ്ഞു: അല്ലാഹുവല്ലാതെ ആരാധനക്കർഹനായി മറ്റാരുമില്ലെന്നും മുഹമ്മദ് നബി(ﷺ) അല്ലാഹുവിൻെറ ദൂതനാണെന്നും നീ സാക്ഷ്യം വഹിക്കുക, നമസ്കാരം നിലനിർത്തുക, നിർബന്ധ സക്കാത്ത് നൽകുക, റമളാനിൽ വ്രതം അനുഷ്ടിക്കുക, കഴിവുണ്ടാവുമ്പോൾ കഅ്ബയിൽ പോയി ഹജ്ജ് കർമ്മം നിർവ്വഹിക്കുക. അദ്ദേഹം പറഞ്ഞു: നീ സത്യം പറഞ്ഞു. (ഉമർ(ﷺ) പറയുന്നു) അദ്ദേഹത്തിൻെറ ചോദ്യവും സത്യപ്പെടുത്തലും ഞങ്ങളെ ആശ്ചര്യപ്പെടുത്തി. ആഗതൻ വീണ്ടും ചോദിച്ചു: സത്യവിശ്വാസം എന്താണ്? പ്രവാചകൻ(ﷺ) പറഞ്ഞു: അല്ലാഹുവിലും അവൻെറ മലക്കുകളിലും അവൻെറ വേദഗ്രന്ധങ്ങളിലും പ്രവാചകൻമാരിലും പുനർജീവിതത്തിലും നൻമയും തിൻമയും അല്ലാഹുവിൽ നിന്നാകുന്നു എന്നതിലും (ഖദ്റിലും) വിശ്വസിക്കലാകുന്നു. ആഗതൻ ചോദിച്ചു: എന്താണ് നൻമ? നബി(ﷺ) പറഞ്ഞു: അല്ലാഹുവിനെ കാണുന്നഭാവത്തിൽ അവനെ ആരാധിലാകുന്നു.നീ അവനെ കാണുന്നില്ലെങ്കിലും

അവൻ നിന്നെകാണുന്നുണ്ടല്ലോ? അഗതൻ ചോദിച്ചു: അന്ത്യദിനം എന്നാണ് സംഭവിക്കുക? നബി(ﷺ) പറഞ്ഞു: അതിനെക്കുറിച്ച് ചോദിക്കപ്പെട്ടവന് ചോദ്യകർത്താവിനെക്കാൾ കൂടുതൽ ജ്ഞാനമൊന്നുമില്ല. അദ്ദേഹം പറഞ്ഞു: അതിൻെറ അടയാളങ്ങളെക്കുറിച്ച് പറഞ്ഞ്തന്നാലും. നബി(ﷺ) പറഞ്ഞു: അടിമസ്ത്രീ അതിൻെറ യജമാനനെ പ്രസവിക്കുക, നഗ്നപാദരും പ്രാരാബ്ദക്കാരുമായ ആട്ടിടയൻമാർ കെട്ടിടനിർമാണത്തിൽ മൽസരിക്കുക എന്നിവയാകുന്നു. ഉമർ (رضي الله عنه) പറയുന്നു ആഗതൻ പോയപ്പോൾ ഞങ്ങൾ കുറച്ചവിടെ താമസം കാണിച്ചു. അപ്പോൾ നബി(ﷺ) ചോദിച്ചു: ആരാണ് ചോദ്യകർത്താവെന്ന് നിനക്കറിയാമോ ഉമർ? ഞങ്ങൾ പറഞ്ഞു: അല്ലാഹുവിനും അവൻെറ റസൂലിനുമറിയാം അപ്പോൾ നബി(ﷺ) പറഞ്ഞു: അത് ജിബ്രീലാകുന്നു നിങ്ങളെ നിങ്ങളുടെ മതം പഠിപ്പിക്കാൻ വന്നതാകുന്നു അദ്ദേഹം.

അടിസ്ഥാന കാര്യങ്ങളിൽ മൂന്നാമത്തെത്

അടിസ്ഥാന കാര്യങ്ങളിൽ മൂന്നാമത്തെത് നിങ്ങളുടെ പ്രവാചകൻ മുഹമ്മദ് നബി(ﷺ)യെ അറിയലാകുന്നു. അദ്ദേഹം ഹാഷിമിൻെറ പുത്രൻ അബ്ദുൽ മുത്വലിബിൻെറ പുത്രൻ അബ്ദുല്ലയുടെ പുത്രൻ മുഹമ്മദാകുന്നു. ഹാഷിം ഖുറൈഷിയും ഖുറൈഷികൾ അറബികളിൽ പെട്ടവരുമാകുന്നു. അറബികൾ ഇബ്റാഹീം നബി(عليه السلام) പുത്രൻ ഇസ്മാഈൽ(عليه السلام) ൻെറ സന്താനപരബരയിൽ പെട്ടവരാണ്. നമ്മുടെ പ്രവാചകൻെറ മേൽ അല്ലാഹുവിൻെറ രക്ഷയും കരുണയുമുണ്ടാവട്ടെ. അദ്ദേഹം 63 വർഷം ജീവിച്ചു. അതിൽ 40 വർഷം പ്രവാചകത്വത്തിന് മുമ്പും 23 വർഷം പ്രവാചകനായുമാണ് ജീവിച്ചത്. *നീവായിക്കുക* എന്ന്തുടങ്ങുന്ന ഖുർആനിക വചനം അവതരിച്ചതോടെ അദ്ദേഹം നബിയായി. *മുദ്ദസ്സിർ* എന്ന് തുടങ്ങുന്ന സൂറത്ത് അവതരിച്ചതോടെ അ ദ്ദേഹം മുർസലുമായി. അദ്ദേഹം മക്കയിൽ ജനിച്ചു. തൗഹീദിലേക്ക് ക്ഷണിക്കാനും ശിർക്കിനെക്കുറിച്ച് ജനങ്ങൾക്ക് താക്കീതുകാരനായും അദ്ദേഹത്തെ അല്ലാഹു നിയോഗിച്ചു. അല്ലാഹു പറഞ്ഞു:

﴿ يَا أَيُّهَا الْمُدَّثِّرُ, قُمْ فَأَنذِرْ, وَرَبَّكَ فَكَبِّرْ, وَثِيَابَكَ فَطَهِّرْ , وَالرُّجْزَ فَاهْجُرْ, وَلَا تَمْنُن تَسْتَكْثِرُ , وَلِرَبِّكَ فَاصْبِرْ ﴾ [سورة المدثر:7-1]

അർത്ഥം: ഹേ പുതച്ച് മൂടിയവനേ, എഴുന്നേറ്റ് (ജനങ്ങളെ) താക്കീത് ചെയ്യുക. നിൻെറ രക്ഷിതാവിനെ മഹത്വപ്പെടുത്തുകയും നിൻെറ വസ്ത്രങ്ങൾ ശുദ്ധിയാക്കുകയും പാപം വെടിയുകയും ചെയ്യുക. കൂടുതൽ നേട്ടം കൊതിച്ച് കൊണ്ട് നീ ഔദാര്യം ചെയ്യരുത്. നിൻെറ രക്ഷിതാവിന് വേണ്ടി നീ ക്ഷമ കൈക്കൊള്ളുക. (74: 1-7**)**

നീ എഴുന്നേറ്റ് താക്കീത് ചെയ്യുക **എന്നതിൻെറ അർത്ഥം തൗഹീദിലേക്ക് ക്ഷണിക്കുകയും ശിർക്കിനെക്കുറിച്ച് താക്കീത് നൽകുക എന്നുമാകുന്നു.** ***രക്ഷിതാവിനെ മഹത്വപ്പെടുത്തുക*** **എന്നാൽ ഏകദൈവവിശ്വാസം കൊണ്ട് അവനെ മഹത്വപ്പെടുത്തലാകുന്നു.** ***വസ്ത്രങ്ങൾ ശുദ്ധിയാക്കുക*** **എന്നാൽ പ്രവർത്തനങ്ങളെ ശിർക്കിൽ നിന്നും മുക്തമാക്കലാകുന്നു.** ***പാപം വെടിയുക*** **എന്നാൽ ബിംബങ്ങളെയും അതിൻെറ ആളുകളെയും വെടിയലാകുന്നു. ഈ അടിസ്ഥാനത്തിൽ പ്രവാചകൻ(ﷺ) പത്ത് വർഷം ജനങ്ങളെ തൗഹിദിലേക്ക് ക്ഷണിച്ചു. അതിന് ശേഷം അദ്ദേഹം ആകാശാരോഹണം ചെയ്യപ്പെടുകയും നമസ്കാരം നിർബന്ധമാക്കപ്പെടുകയും ചെയ്തു. മൂന്ന് വർഷം മക്കയിൽ അദ്ദേഹം നമസ്കാരം നിർവ്വഹിച്ചു. അതിന് ശേഷം മദീനയിലേക്ക് ഹിജ്റ ചെയ്യാൻ ദൈവകൽപന ലഭിച്ചു.** ***ഹിജ്റ*** **എന്നാൽ ശിർക്കിൻെറ നാട്ടിൽ നിന്ന് ഇസ്ലാമിൻെറ നാട്ടിലേക്കുള്ള പാലായനമാകുന്നു അത് അന്ത്യനാൾ വരെ നിലനിൽക്കും. അല്ലാഹു പറഞ്ഞു:**

﴿ إِنَّ الَّذِينَ تَوَفَّاهُمُ الْمَلآئِكَةُ ظَالِمِي أَنْفُسِهِمْ قَالُواْ فِيمَ كُنتُمْ قَالُواْ كُنَّا مُسْتَضْعَفِينَ فِي الأَرْضِ قَالْوَاْ أَلَمْ تَكُنْ أَرْضُ اللّهِ وَاسِعَةً فَتُهَاجِرُواْ فِيهَا فَأُوْلَـئِكَ مَأْوَاهُمْ جَهَنَّمُ وَسَاءتْ مَصِيرًا, إِلاَّ الْمُسْتَضْعَفِينَ مِنَ الرِّجَالِ

وَالنِّسَاء وَالْوِلْدَانِ لاَ يَسْتَطِيعُونَ حِيلَةً وَلاَ يَهْتَدُونَ سَبِيلاً , فَأُوْلَـئِكَ عَسَى اللّهُ أَن يَعْفُوَ عَنْهُمْ وَكَانَ اللّهُ عَفُوًّا غَفُورًا﴾ [سورة النساء: **97-99**]

അർത്ഥം: (അവിശ്വാസികളുടെ ഇടയിൽതന്നെ ജീവിച്ച് കൊണ്ട്) സ്വന്തത്തോട് അന്യായം ചെയ്തവരെ മരിപ്പിക്കുമ്പോൾ മലക്കുകൾ അവരോട് ചോദിക്കും: നിങ്ങളെന്തൊരു നിലപാടിലായിരുന്നു? അവർ പറയും: ഞങ്ങൾ നാട്ടിൽ അടിച്ചതൊക്കപ്പെട്ടവരായിരുന്നു. അവർ(മലക്കുകൾ) ചോദിക്കും: അല്ലാഹുവിൻെറ ഭൂമി വിശാലമായിരുന്നില്ലേ? നിങ്ങൾക്ക് സ്വദേശം വിട്ട് എവിടെയെങ്കിലും പോകാമായിരുന്നല്ലോ. എന്നാൽ അത്തരക്കാരുടെ വാസസ്ഥലം നരകമത്രെ. അതെത്ര ചീത്ത സങ്കേതം. എന്നാൽ യാതൊരുപായവും സ്വീകരിക്കാതെ, ഒരു രക്ഷാമാർഗവും കണ്ടെത്താനാകാതെ അടിച്ചൊതുക്കപ്പെട്ടവരായി കഴിയുന്ന പുരുഷൻമാരും സ്ത്രീകളും കുട്ടികളും ഇതിൽ നിന്നൊഴിവാകുന്നു. (4: 97-99**)**

അല്ലാഹു പറഞ്ഞു:

﴿ يَا عِبَادِيَ الَّذِينَ آمَنُوا إِنَّ أَرْضِي وَاسِعَةٌ فَإِيَّايَ فَاعْبُدُونِ ﴾ [سورة العنكبوت: **56**]

അർത്ഥം: വിശ്വസിച്ചവരായ എൻെറ ദാസൻമാരെ, തീർച്ചയായും എൻെറ ഭൂമി വിശാലമാകുന്നു. അതിനാൽ എന്നെ മാത്രം നിങ്ങൾ ആരാധിക്കുവിൻ. (29:56**)**

ബഗവി(ﷺ) പറഞ്ഞു: ഈ ആയത്ത് മക്കയിലുള്ള പാലായനം ചെയ്യാത്ത മുസ്ലിംകളുടെ വിഷയത്തിലാണ് അവതരിച്ചത്. അവരെ അല്ലാഹു വിശ്വാസികളെ എന്നാണ് അഭിസംബോധന ചെയ്തത്.

പ്രവാചകൻ (ﷺ) പറഞ്ഞു:

"لا تنقطع الهجرة حتي تنقطع التوبة ولا تنقطع التوبة حتي تطلع الشمس من مغربها."

അർത്ഥം: പശ്ചാത്താപം സ്വീകരിക്കപ്പെടാതാകുന്നത് വരെ ഹിജ്റ ഇല്ലാതെയാവുകയില്ല. സൂര്യൻ പടിഞ്ഞാറ് നിന്ന് ഉദിക്കുന്നത് വരെ പശ്ചാത്താപം സ്വീകരിക്കപ്പെടാതിരിക്കുകയില്ല.

മദീനയിൽ അദ്ദേഹം സ്ഥിരമായപ്പോൾ സക്കാത്ത്, നോമ്പ്, ഹജ്ജ്, ബാങ്ക്, ധർമ്മസമരം, നൻമകൽപിക്കുക തിൻമവിരോധിക്കുക തുടങ്ങിയ മതനിയമങ്ങൾ നിയമമാക്കപ്പെട്ടു. പത്ത് വർഷം ഇതനുസരിച്ച് അദ്ദേഹം പ്രബോധനം നടത്തി. ശേഷം പ്രവാചകൻ(ﷺ) ഇഹലോകവാസം വെടിഞ്ഞു. അദ്ദേഹം പ്രബോധനം ചെയ്ത മതം ഇന്നും അവശേഷിക്കുന്നു. ഒരു നൻമയെയും അദ്ദേഹം സമൂഹത്തെ അറിയിക്കാതെ ഉപേക്ഷിച്ച് പോയിട്ടില്ല. ഒരു തിൻമയെക്കുറിച്ചും അദ്ദേഹം താക്കീത് നൽകാതെയും ഉപേക്ഷിച്ചിട്ടില്ല. അദ്ദേഹം സമൂഹത്തിന് മാതൃകകാണിച്ച നൻമകളിൽപ്പെട്ടതാണ് തൗഹീദും അല്ലാഹു ഇഷ്ടപ്പെടുകയും തൃപ്തിപ്പെടുകയും ചെയ്യുന്ന മുഴുവൻ കാര്യങ്ങളും. അദ്ദേഹം താക്കീത് നൽകിയ തിൻമകളിൽപെട്ടതാണ് ശിർക്കും അല്ലാഹുവിരോധിച്ചതും ഇഷ്പ്പെടാത്തതുമായ മുഴുവൻ കാര്യങ്ങളും. മുഴുവൻ ജനങ്ങളിലേക്കുമായി അദ്ദേഹം നിയോഗിക്കപ്പെട്ടു. മനുഷ്യർക്കും ജിന്നുകൾക്കും അദ്ദേഹത്തെ അനുസരിക്കൽ നിർബന്ധമാക്കി. അല്ലാഹു പറഞ്ഞു:

﴿ قُلْ يَا أَيُّهَا النَّاسُ إِنِّي رَسُولُ اللَّهِ إِلَيْكُمْ جَمِيعًا ...﴾ [سورة الأعراف: **158**]

അർത്ഥം: പറയുക: മനുഷ്യരെ തീർച്ചയായും ഞാൻ നിങ്ങളിലേക്കെല്ലാമുള്ള അല്ലാഹുവിൻെറ ദൂതനാകുന്നു.

അല്ലാഹു അദ്ദേഹത്തെ കൊണ്ട് മതം പൂർത്തിയാക്കി. (7:158**)**

അല്ലാഹു പറഞ്ഞു:

﴿ ...الْيَوْمَ أَكْمَلْتُ لَكُمْ دِينَكُمْ وَأَتْمَمْتُ عَلَيْكُمْ نِعْمَتِي وَرَضِيتُ لَكُمُ الْإِسْلَامَ دِينًا... ﴾ [سورة المائدة: **3**]

അർത്ഥം: ഇന്ന് ഞാൻ നിങ്ങൾക്ക് നിങ്ങളുടെ മതം പൂർത്തിയാക്കിത്തന്നിരിക്കുന്നു. എൻെറ അനുഗ്രഹം നിങ്ങൾക്ക് ഞാൻ നിറവേറ്റിത്തരികയും ചെയ്തിരിക്കുന്നു,

മതമായിഇസ്ലാമിനെ ഞാൻ നിങ്ങൾക്ക് തൃപ്തിപ്പെട്ടുതന്നിരിക്കുന്നു. (5:3)

പ്രവാചൻ മരിച്ചു എന്നതിന് തെളിവ്, ഖുർആൻ പറയുന്നു:

﴿ إِنَّكَ مَيِّتٌ وَإِنَّهُم مَّيِّتُونَ , ثُمَّ إِنَّكُمْ يَوْمَ الْقِيَامَةِ عِندَ رَبِّكُمْ تَخْتَصِمُونَ ﴾

[سورة الزمر: 30-31]

അർത്ഥം: തീർച്ചയായും നി മരിക്കുന്നവനാകുന്നു. അവരും മരിക്കുന്നവരാകുന്നു. പിന്നീട് നിങ്ങൾ ഉയിർത്തെഴുന്നേൽപിൻെറ നാളിൽ നിങ്ങളുടെ രക്ഷിതാവിൻെറ അടുക്കൽ വെച്ച് വഴക്ക്കൂടുന്നതാണ്. (39: 30-31)

ജനങ്ങൾ മരിച്ചാൽ അവർ ഉയിർന്നേൽപിക്കപ്പെടും. അല്ലാഹു പറഞ്ഞു:

﴿ مِنْهَا خَلَقْنَاكُمْ وَفِيهَا نُعِيدُكُمْ وَمِنْهَا نُخْرِجُكُمْ تَارَةً أُخْرَى ﴾ [سورة طه:55]

അർത്ഥം: അതിൽ (ഭൂമിയിൽ) നിന്നാണ് നിങ്ങളെ നാം സൃഷ്ടിച്ചത് അതിലേക്ക് തന്നെ നിങ്ങളെ നാം മടക്കുന്നു. അതിൽ നിന്ന് തന്നെ മറ്റൊരു പ്രാവശ്യം നിങ്ങളെ നാം പുറത്ത് കൊണ്ട് വരികയും ചെയ്യും. (20:55)

വീണ്ടും അല്ലാഹു പറയുന്നു:

﴿ وَاللَّهُ أَنبَتَكُم مِّنَ الْأَرْضِ نَبَاتًا , ثُمَّ يُعِيدُكُمْ فِيهَا وَيُخْرِجُكُمْ إِخْرَاجًا ﴾ [سورة نوح:17-18]

അർത്ഥം: അല്ലാഹു നിങ്ങളെ ഭൂമിയിൽ നിന്ന് ഒരു മുളപ്പിക്കൽ മുളപ്പിച്ചിരിക്കുന്നു. പിന്നെ അതിൽ തന്നെ നിങ്ങളെ അവൻ മടക്കുകയും നിങ്ങളെ ഒരിക്കൽ അവൻ പുറത്തുകൊണ്ട് വരികയും ചെയ്യുന്നതാണ്.(71:17-18)

പുനർ ജീവിത ശേഷം അവർ വിചാരണ ചെയ്യപ്പെടുകയും പ്രവർത്തനങ്ങൾക്കനുസൃതമായി പ്രതിഫലം നൽകപ്പെടുകയും ചെയ്യും.

അല്ലാഹു പറഞ്ഞു:

﴿ وَلِلَّهِ مَا فِي السَّمَاوَاتِ وَمَا فِي الْأَرْضِ لِيَجْزِيَ الَّذِينَ أَسَاؤُوا بِمَا عَمِلُوا وَيَجْزِيَ الَّذِينَ أَحْسَنُوا بِالْحُسْنَى ﴾ [سورة النجم: 31]

അർത്ഥം: അല്ലാഹുവിനുള്ളതാകുന്നു ആകാശങ്ങളിലും ഭൂമിയിലുമുള്ളതും. തിൻമ പ്രവർത്തിച്ചവർക്ക് അവർ ചെയ്തതനുസരിച്ച് പ്രതിഫലം നൽകുവാൻ വേണ്ടിയത്രെ അത്. നൻമ പ്രവർത്തിച്ചവർക്ക് ഏറ്റവും നല്ല പ്രതിഫലം നൽകുവാൻ വേണ്ടിയും. (53:31**)**

പുനർ ജീവിതത്തെ നിഷേധിക്കുന്നവൻ നിഷേധിയായി. അല്ലാഹു പറഞ്ഞു:

﴿ زَعَمَ الَّذِينَ كَفَرُوا أَن لَّن يُبْعَثُوا قُلْ بَلَى وَرَبِّي لَتُبْعَثُنَّ ثُمَّ لَتُنَبَّؤُنَّ بِمَا عَمِلْتُمْ وَذَلِكَ عَلَى اللَّهِ يَسِيرٌ ﴾ [سورة التغابن:**7**]

അർത്ഥം: തങ്ങൾ ഉയിർത്തെഴുന്നേൽപിക്കപ്പെടുകയില്ലെന്ന് ആ അവിശ്വാസികൾ ജൽപിച്ചു. (നബിയേ) പറയുക: അതെ, എന്റെ രക്ഷിതാവിനെ തന്നെയാണ, നിങ്ങൾ ഉയിർത്തെഴുന്നേൽപിക്കപ്പെടും. പിന്നീട് നിങ്ങൾ പ്രവർത്തിച്ചതിനെപ്പറ്റി നിങ്ങൾക്ക് വിവരമറിയിക്കപ്പെടുകയും ചെയ്യും. അത് അല്ലാഹുവെ സംബന്ധിച്ചിടത്തോളം എളുപ്പമുള്ളതാകുന്നു. (64:7**)**

മുഴുവൻപ്രവാചകൻമാരെയും അല്ലാഹു താക്കീതുകാരും സന്തോഷവാർത്ത അറിയിക്കുന്നവരുമായിട്ടാണ് നിയോഗിച്ചത്. അല്ലാഹു പറഞ്ഞു:

﴿ رُّسُلاً مُّبَشِّرِينَ وَمُنذِرِينَ لِئَلاَّ يَكُونَ لِلنَّاسِ عَلَى اللَّهِ حُجَّةٌ بَعْدَ الرُّسُلِ... ﴾

[سورة النساء: **165**]

അർത്ഥം: സന്തോഷവാർത്ത അറിയിക്കുന്നവരും താക്കീത് നൽകുന്നവരുമായ ദൂതൻമായിരുന്നു അവർ. ആ ദൂതൻമാർക്ക് ശേഷം ജനങ്ങൾക്ക് അല്ലാഹുവിനെതിരിൽ ഒരു അന്യായവും ഇല്ലാതിരിക്കാൻ വേണ്ടിയാണത്. (4:165**)**

ആ പ്രവാചൻമാരിൽ ആദ്യത്തെ പ്രവാചകനാണ് നൂഹ്(ﷺ). അവസാനത്തെ പ്രവാചകനാണ് പ്രവാചകത്വത്തിന് അന്ത്യം കുറിച്ച മുഹമ്മദ്നബി(ﷺ). അല്ലാഹു പറഞ്ഞു:

﴿ إِنَّا أَوْحَيْنَا إِلَيْكَ كَمَا أَوْحَيْنَا إِلَى نُوحٍ وَالنَّبِيِّينَ مِن بَعْدِهِ ... ﴾ [سورة النساء: **163**]

അർത്ഥം: (നബിയേ) നൂഹിനും അദ്ദേഹത്തിന് ശേഷമുള്ള പ്രവാചകൻമാർക്കും നാം സന്ദേശം നൽകിയത് പോലെ തന്നെ നിനക്കും നാം സന്ദേശം നൽകിയിരിക്കുന്നു.
അല്ലാഹുവിനെ മാത്രം ആരാധിക്കണമെന്ന് കൽപിച്ച് കൊണ്ടും ദുർമൂർത്തികളെ ആരാധിക്കരുത് എന്ന് കൽപിച്ച് കൊണ്ടും നൂഹ്(അ) മുതൽ മുഹമ്മദ് നബി(ﷺ) വരെയുള്ള മുഴുവൻ സമൂഹത്തിലേക്കും അല്ലാഹു പ്രവാചകൻമാരെ നിയോഗിച്ചു. (4:163)

അല്ലാഹു പറഞ്ഞു:

﴿ وَلَقَدْ بَعَثْنَا فِي كُلِّ أُمَّةٍ رَّسُولاً أَنِ اعْبُدُواْ اللّهَ وَاجْتَنِبُواْ الطَّاغُوتَ ... ﴾

[سورة النحل: **36**]

അർത്ഥം: തീർച്ചയായും ഓരോസമുദായത്തിലും നാം ദൂതനെ നിയോഗിച്ചിട്ടുണ്ട് നിങ്ങൾ അല്ലാഹുവെ ആരാധിക്കുകയും ദുർമൂർത്തികളെ വെടിയുകയും ചെയ്യണം എന്ന് (പ്രബോധനം ചെയ്യാൻ വേണ്ടി). (16:36)

മുഴുവൻ അടിമകൾക്കും അല്ലാഹുവിനെ ആരാധിക്കലും ദുർമൂർത്തികളെ വെടിയലും അല്ലാഹു നിർബന്ധമാക്കി. ഇബ്നു ഖയ്യിം(ﷺ) പറഞ്ഞു: ത്വാഗൂത്ത് എന്നാൽ അനുസരിക്കപ്പെടുന്നതിലും പിൻപറ്റപ്പെടുന്നതിലും ആരാധിക്കപ്പെടുന്നതിലും ഒരു അടിമ അതിര് കവിയുന്ന മുഴുവൻ വസ്തുക്കളുമാകുന്നു. ത്വാഗൂത്തുകൾ ധാരാളമുണ്ട് അവയിൽ പ്രധാനമായവ അഞ്ചെണ്ണമാകുന്നു. ഇബ്‌ലീസ് (അല്ലാഹുവിൻെറ ശാപം അവനിലുണ്ടാവട്ടെ), ആരാധിക്കപ്പെടുമ്പോൾ തൃപ്തിയടയുന്നവൻ, ജനങ്ങളെ തന്നെ ആരാധിക്കുവാൻ ക്ഷണിക്കുന്നവൻ, അദൃശ്യജ്ഞാനത്തിൽ നിന്ന് വല്ലതും അറിയുമെന്ന് വാദിക്കുന്നവൻ, അല്ലാഹു

അവതരിപ്പിക്കാത്തത് കൊണ്ട് വിധിക്കുന്നവൻ എന്നിവയാകുന്നു അവ. അല്ലാഹു പറഞ്ഞു:

﴿ لاَ إِكْرَاهَ فِي الدِّينِ قَد تَّبَيَّنَ الرُّشْدُ مِنَ الْغَيِّ فَمَنْ يَكْفُرْ بِالطَّاغُوتِ وَيُـؤْمِن بِاللّهِ فَقَدِ اسْتَمْسَكَ بِـالْعُرْوَةِ الْـوُثْقَىَ لاَ انفِصَـامَ لَهَـا وَاللّهُ سَـمِيعٌ عَلِـيمٌ ﴾

[سورة البقرة: **256**]

അർത്ഥം: മതത്തിൻെറ കാര്യത്തിൽ ബലപ്രയോഗമേ ഇല്ല. സൻമാർഗ്ഗം ദുർമാർഗ്ഗത്തിൽ നിന്ന് വ്യക്തമായി വേർതിരിഞ്ഞ് കഴിഞ്ഞിരിക്കുന്നു, ആകയാൽ ഏതൊരാൾ ദുർമൂർത്തിയെ അവിശ്വസിക്കുകയും അല്ലാഹുവിൽ വിശ്വസിക്കുകയും ചെയ്യുന്നുവോ അവൻ പിടിച്ചിട്ടുള്ളത് ബലമുള്ള ഒരു കയറിലാകുന്നു അത് പൊട്ടിപ്പോകുകയേ ഇല്ല. അല്ലാഹു(എല്ലാം) കേൾക്കുന്നവനും അറിയുന്നവനുമാകുന്നു.(2:256)

ഇതാണ് ലാഇലാഹ ഇല്ലല്ലാഹു **എന്നതിൻെറ ആശയം. ഹദീസിൽ ഇങ്ങനെ കാണാം:**

"رأس الأمر الإسلام وعموده الصلاة وذروة سنامه الجهاد في سبيل الله"

അർത്ഥം: കാര്യങ്ങളുടെ മർമ്മം ഇസ്‌ലാമാകുന്നു, അതിൻെറ തൂൺ നമസ്കാരമാകുന്നു, അതിൻെറ ഉന്നതി അല്ലാഹുവിൻെറ മാർഗ്ഗത്തിലുള്ള ധർമ്മസമരമാകുന്നു.(അല്ലാഹുവാകുന്നു കൂടുതൽ അറിയുന്നവൻ)

(الله تعالى أعلم)

ഉള്ളടക്കം

പേജ്

المملكة العربية السعودية
وزارة التعليم العالي
الجامعة الإسلامية بالمدينة المنورة
عمادة البحث العلمي
قسم الترجمة

www.iu.edu.sa

الأصول الثلاثة وأدلتها

تأليف / الإمام العلامة الشيخ

محمد بن عبد الوهاب

(رحمه الله)

باللغة المليبارية